# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1865** | **22.01.2014 ന് മറുപടിക്ക്**

### ഭരണഭാഷ മലയാളമാക്കുന്നതിനായി സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കി ക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പു തലവന്റെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെസംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ദ്വിദിന ഭരണഭാഷാ പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) | വകുപ്പുതലത്തിലും സംസ്ഥാന തലത്തിലും ഭരണഭാഷ മലയാളമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഭരണഭാഷ മലയാളമാക്കുന്നതിന് വകുപ്പുതലത്തിൽ, വകുപ്പ് തലവന്റെ അധ്യക്ഷതയിൽ 3 മാസത്തിലൊരിക്കൽ വകുപ്പുതല സമിതിയോഗം ചേർന്ന് വകുപ്പിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്തുവരുന്നു. സംസ്ഥാന തലത്തിൽ എല്ലാ വകുപ്പ് തലവന്മാരെയും ജില്ലാ കളക്ടർമാരെയും പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാനതല സമിതി 4 മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും എല്ലാ വകുപ്പുകളിലെയും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാമാറ്റത്തിന് സഹായ കമായി നൽകുന്ന പരിശീലന ങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഭരണഭാഷാവർഷാഘോഷത്തിന്റെ ഭാഗമായി 40 പേരടങ്ങുന്ന 25 ബാച്ചുകൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ വച്ച് ഔദ്യോഗികഭാഷാ പരിശീലനം നൽകുകയുണ്ടായി. ഐ.എം.ജിയുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലൂടെയും ഔദ്യോഗികഭാഷാ പരിശീലനം നൽകി വരുന്നുണ്ട്. ഔദ്യോഗിക ഭാഷാ വകുപ്പിൽ നിന്നും ഇപ്പോൾ പ്രസിദ്ധീകരണങ്ങൾ ഒന്നും തന്നെ പുറപ്പെടുവിക്കുന്നില്ല. കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിൻ കീഴിലുള്ള പ്രസിദ്ധീകരണ സ്ഥാപനമായ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിരവധി ഭരണഭാഷാ സഹായക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | ആകെയുള്ള വകുപ്പുകളിൽ എതെല്ലാം വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കി യെന്നും ഭരണഭാഷ മാറ്റം ഏതെല്ലാം വകുപ്പുകളിൽ സാർവ്വത്രികമാക്കിയിട്ടില്ലെന്നും വകുപ്പ് തിരിച്ച് വ്യക്തമാ ക്കുമോ; | (ഡി) | 73 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം ചേർക്കുന്നു)<br>വിനോദ സഞ്ചാരം, നോർക്ക എന്നീ വകുപ്പുകളിൽ ഭരണഭാഷാമാറ്റം സാർവ്വത്രികമാക്കിയിട്ടില്ല, |

| | | | |
|---|---|---|---|
| (ഇ) | കോടതിഭാഷ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ മലയാള ഭാഷാ പാലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | കോടതിഭാഷ മലയാളമാക്കുന്നതിനുള്ള നടപടികളുടെ ഏകോപനം സാധ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കോടതിഭാഷ മലയാളമാക്കുന്നതിനായി ഒരു ഉന്നതതലസമിതി പുനസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കത്തുകൾ എന്നിവ പുറപ്പെടുവിക്കുന്നതും മലയാളത്തിൽത്തന്നെയായിരിക്കണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajani Antony

**സെക്ഷൻ ഓഫീസർ**

1867

## അനുബന്ധം I

## മലയാളം ഭരണഭാഷയാക്കിയിട്ടുള്ള സർക്കാർ വകുപ്പുകൾ

**01.09.1985 മുതൽ (01.08.1985 ലെ 7223/ഔ.ഭാ.3/85/ഉ.ഭ.പ.വ. നം. വിജ്ഞാപനം)**

1. പഞ്ചായത്ത്
2. മുനിസിപ്പൽ ഭരണം.
3. വനം
4. സഹകരണം
5. ഗിരിജനക്ഷേമം (പട്ടിക വർഗ വകുപ്പ്)
6. ഹരിജനക്ഷേമം (പട്ടിക വികസന വകുപ്പ്)
7. മത്സ്യബന്ധനം
8. ആർക്കിയോളജി
9. ജയിൽ

**01.11.1987 മുതൽ (12.10.1987 ലെ 7256/ഔ.ഭാ.3/85/ഉഭപവ നം. വിജ്ഞാപനം)**

10. ഹിന്ദുമത ധർമ്മ സ്ഥാപനം
11. പബ്ലിക് റിലേഷൻസ്
12. അളവുകളും തൂക്കങ്ങളും
13. പുരാരേഖ
14. ക്ഷീരവികസനം
15. മൃഗസംരക്ഷണം
16. ഭവനനിർമാണം
17. സാമൂഹ്യക്ഷേമം
18. രജിസ്ട്രേഷൻ

**01.11.1989 മുതൽ (06.10.1989 ലെ 5905/ഔ.ഭാ.3/88/ഉ.ഭ.പ.വ.നം. വിജ്ഞാപനം)**

19. റവന്യൂ
20. കൃഷി
21. ഗ്രാമവികസനം
22. ഭക്ഷ്യവും സിവിൽ സപ്ലൈസും
23. തൊഴിൽ
24. പൊതുവിദ്യാഭ്യാസം
25. നാട്ടുചികിത്സ
26. ജലഗതാഗതം
27. സർവെ ആന്റ് ലാൻഡ് റിക്കാർഡ്സ്
28. നികുതി
29. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
30. സാംസ്കാരിക പ്രസിദ്ധീകരണം
31. കാഴ്ചബംഗ്ലാവും മൃഗശാലയും

**01.01.1992 മുതൽ (21.12.1991 ലെ 7972/ഔ.ഭാ.3/91/ഉഭപവ നം വിജ്ഞാപനം)**

32. പ്രിന്റിംഗ്
33. സ്റ്റേഷനറി
34. ടൗൺ പ്ലാനിംഗ്
35. ഹോമിയോപ്പതി
36. ഭൂഗർഭജലം
37. ഭാഗ്യക്കുറി
38. ലോക്കൽഫണ്ട്

1865

39. ഫയർസർവീസ്
40. പബ്ലിക് ലൈബ്രറി
41. എക്സൈസ്
42. ഇൻഷുറൻസ് മെഡിക്കൽ സർവീസ്
43. ദേശീയ സമ്പാദ്യം

**01.12.1993 മുതൽ (01.12.0993 ലെ 3721/ഔ.ഭാ.3/93/ഉ.ഭ.പ.വ നം. വിജ്ഞാപനം)**

44. എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45. സ്പോർട്സും യുവജനക്ഷേമവും
46. കോളേജ് വിദ്യാഭ്യാസം
47. സാങ്കേതിക വിദ്യാഭ്യാസം
48. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
49. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50. ഫാക്ടറികളും ബോയിലറുകളും
51. ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി
52. തുറമുഖ എഞ്ചിനീയറിംഗ്
53. ആരോഗ്യം
54. വ്യവസായവും വാണിജ്യവും
55. ഇൻഷുറൻസ്
56. കേരള ഗസറ്റിയേഴ്സ്
57. മെഡിക്കൽ വിദ്യാഭ്യാസം
58. മൈനിംഗും ജിയോളജിയും
59. മോട്ടോർ വാഹനം
60. പോലീസ്
61. തുറമുഖം
62. പബ്ലിക് ഹെൽത്ത് ലാബറട്ടറി
63. പൊതുമരാമത്ത്
64. ഇറിഗേഷനും പ്രോജക്ടുകളും
65. സൈനികക്ഷേമം
66. ട്രഷറി
67. വിജിലൻസ്

**22.04.2003 മുതൽ (22.04.2003 ലെ 7/03/ഉ.ഭ.പ.വ നം. വിജ്ഞാപനം)**

68. ഔഷധനിയന്ത്രണ വകുപ്പ്

**06.08.2005 മുതൽ (06.08.2005 ലെ 21/05/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

69. സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്

**(26.08.2009 ലെ 11/2009/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

70. തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും

**(17.06.2011 ലെ 16/2011/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

71. ശാസ്ത്ര സാങ്കേതിക വകുപ്പ്

72. പൊതുഭരണ വകുപ്പ്

**(17.04.2013 ലെ 12/2013/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

73. നിയമ വകുപ്പ്

Rajani Antony
സെക്ഷൻ ഓഫീസർ